പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 303 09-04-2013 - ൽ മറുപടിക്ക്

**വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ നിലവാരം**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. പി.എ.മാധവൻ<br>ശ്രീ. ആർ.സെൽവരാജ്<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി | | | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | പ്രത്യേക പദ്ധതികൾ ഇല്ല. എന്നാൽ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും അക്കാദമിക നിലവാരം ഉയർത്തുന്നതിനുമായി അദ്ധ്യാപക പരിശീലനവും, വിദ്യാർത്ഥികളുടെ പഠനാനന്തരം തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു. വൊക്കേഷണൽ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും ആവശ്യമായ സമഗ്ര പരിഷ്ക്കരണ നിർദ്ദേശങ്ങൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുമായി പ്രൊഫ.പി.ഒ.ജെ. ലബ്ബ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) & (സി) & (ഡി) | പ്രൊഫ. പി.ഒ.ജെ. ലബ്ബ കമ്മിറ്റി സമർപ്പിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ; | | |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ